ശ്രീ. പി. കുഞ്ഞൻ: പഴയ അപേക്ഷകർക്ക് കണക്ഷൻ കൊടുക്കാതെ കിടക്കുന്ന ഈ സന്ദർഭത്തിൽ വീണ്ടും അപേക്ഷ ക്ഷണിച്ച് പുതിയ കണക്ഷൻകൊടുക്കുന്ന സംപ്രദായം ഇന്നു നിലവിലുണ്ട്. അത് അവസാനിപ്പിക്കാൻവേണ്ടി പുതിയ അപേക്ഷകരം ക്ഷണിക്കുന്നതിനു പകരം നിലവിലുള്ള അപേക്ഷകരം എത്രയുണ്ട്, അതിനുള്ള ഉപകരണങ്ങളുണ്ടോ എന്നു പരിഗണിച്ചുകൊണ്ട് പഴയ അപേക്ഷകർക്ക് കണക്ഷൻ കൊടുത്തുകഴിഞ്ഞതിനുശേഷം മാത്രം പുതിയ അപേക്ഷകരം ക്ഷണിക്കുന്നതിനുവേണ്ട നിർദ്ദേശം കൊടുക്കുമോ?

ശ്രീ. സി. അച്യുതമേനോൻ: ബഹുമാനപ്പെട്ട മെമ്പർ പറയുന്നതുപോലെ ഏതെങ്കിലും ജില്ലകളിൽ നടക്കുന്നുണ്ടോ എന്നറിയുകയില്ല. പഴയ അപേക്ഷകർക്ക് മുൻഗണന കൊടുക്കാനുള്ള നിർദ്ദേശം നൽകാവുന്നതാണ്.

ശ്രീ. സി. കെ. ബാലകൃഷ്ണൻ: നാം ഇവിടെ ഉൽപ്പാദിപ്പിക്കുന്ന ഇലക്ട്രിസിറ്റി മുഴുവനും ഉപയോഗിക്കാൻ കഴിയാതെ വരുന്നത് ഡിസ്ട്രിബ്യൂഷനിലുള്ള തകരാറുകൊണ്ടാണെന്ന് ശ്രീ. കെ. പി. എസ്. നായരുടെ റിപ്പോർട്ടിൽ അഭിപ്രായപ്പെട്ടിട്ടുണ്ട്. ആ റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. സി. അച്യുതമേനോൻ: പല നടപടികളും സ്വീകരിച്ചിട്ടുണ്ട്. അതിന്റെ വിശദാംശങ്ങളെപ്പറ്റി ഇപ്പോൾ പറയാൻ കഴിയുകയില്ല. ഡിസ്ട്രിബ്യൂഷനുവേണ്ടി കൂടുതൽ പണം നീക്കിവച്ചിട്ടുണ്ട്.

ശ്രീ. ആർ. കൃഷ്ണൻ (പാലക്കാട്): ഗ്രാമവൈദ്യുതീകരണത്തിന് 300 വില്ലേജുകളാണ് തിരഞ്ഞെടുത്തതിൽ പാലക്കാട് ഡിസ്ട്രിക്ടിൽ മൂന്നു വില്ലേജുകളാണ് മാത്രമാണ് തിരഞ്ഞെടുത്തിട്ടുള്ളത്. അതിന് പ്രത്യേക വല്ല കാരണവുമുണ്ടോ?

ശ്രീ. സി. അച്യുതമേനോൻ: നോട്ടീസില്ലാതെ പറയാൻ പറ്റുകയില്ല.

ശ്രീ. ഈ. കെ. ഇമ്പിച്ചിബാവ: വിദ്യുച്ഛക്തി കൊടുക്കാമെന്നു ഗവൺമെന്റ് പറഞ്ഞിട്ടുണ്ടെങ്കിലും അതുകൊടുക്കാത്ത സ്ഥലങ്ങളിൽ മറ്റ് എന്തെങ്കിലും വിളക്ക് വയ്ക്കാനുള്ള ഏർപ്പാട് ചെയ്യുമോ?

ശ്രീ. സി. അച്യുതമേനോൻ: അതിനു ഗവൺമെന്റിന്റെ പ്രത്യേക ശ്രദ്ധ വേണമെന്നു തോന്നുന്നില്ല. മുൻസിപ്പാലിറ്റികൾക്കും പഞ്ചായത്തുകൾക്കും അത് ചെയ്യാം.

WRITTEN ANSWERS

മൽസ്യത്തൊഴിലാളികൾക്ക് ഭവനനിർമ്മാണം

* 181 (702) ശ്രീ. പി. എം. അബൂബേക്കർ:

,, ടി. എം. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യ വികസനവും മന്ത്രി സദയം മറുപടി നൽകുമോ;

(എ) മൽസ്യത്തൊഴിലാളികൾക്ക് ഭവനനിർമ്മാണത്തിന് എന്തു പദ്ധതിയാണുള്ളത്?

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ ഇനത്തിൽ എത്ര ഭവനങ്ങൾ പ്രതിവർഷം നിർമ്മിച്ചു കൊടുക്കാനാണ് ഗവൺമെൻറ് ഉദ്ദേശിക്കുന്നത്;

(സി) തീരപ്രദേശത്തു മൽസ്യത്തൊഴിലാളികൾക്ക് വേണ്ടി നിർമ്മിച്ചുകൊടുക്കുന്നതിന് വേണ്ടി സമഗ്രമായ ഒരു പദ്ധതി ഗവൺമെൻറ് രൂപവൽക്കരിച്ച് നടപ്പിലാക്കുമോ?

പഞ്ചായത്തും സാമൂഹ്യവികസനവും മന്ത്രി (ശ്രീ. കെ. അവുക്കാദർ കുട്ടിനഹ):

(എ) കടലോരപ്രദേശത്തു അധിവസിക്കുന്ന മൽസ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കാൻ ഉദ്ദേശിച്ചുകൊണ്ട് 2 സെൻറുവീതം സ്ഥലത്ത് 3000 രൂപാ വിലവരുന്ന വീടുകൾ കെട്ടികൊടുക്കാനുള്ള ഒരു പദ്ധതി ഫിഷറീസ് വകുപ്പിൽ ഇപ്പോൾ നിലവിലുണ്ട്.

(ബി) അങ്ങിനെ ക്ലിപ്തമായി എണ്ണം നിശ്ചയിച്ചിട്ടില്ല.

(സി) ഇതിനുവേണ്ട സത്വരനടപടികൾ സ്വീകരിച്ചു വരികയാണ്. വളരെയധികം സാമ്പത്തിക ബാധ്യതയുള്ള ഒരു പദ്ധതിയാകയാൽ കേന്ദ്രഗവൺമെൻറിൽനിന്നും ധനസഹായത്തിനു അപേക്ഷിച്ചിട്ടുണ്ട്.

പേഴ്സണൽ സ്റ്റാഫിൽനിന്നുള്ള നിയമനം

* 182 (70) ശ്രീ. ഇ. ടി. കുഞ്ഞൻ,
,, എം. കെ. എ. ഹമീദ്,
,, വി. എസ്. അച്യുതാനന്ദൻ,
,, ബി. വെല്ലിംഗ്ടൺ,
,, ടി. കെ. രാമകൃഷ്ണൻ,
,, വി. വി. ദക്ഷിണാമൂർത്തി,
,, എ. എസ്. എൻ. നമ്പീശൻ,
,, ഈ വി. കുമാരൻ,
,, ഈ. കെ. ഇമ്പിച്ചിബാവ,
,, എം. കെ. കൃഷ്ണൻ,
,, സി. കണ്ണൻ,
,, എം. കെ. കേളു,
,, എസ്. ദാമോദരൻ,
,, കെ. ഐ. രാജൻ,
,, സി. ഗോവിന്ദപ്പണിക്കർ,
,, പി. പി. കൃഷ്ണൻ,
,, ആർ. കൃഷ്ണൻ (പാലക്കാട്),
,, ടി. എം. മീതിയൻ,
,, എ. വി. ആര്യൻ,
,, സി. ബി. ചന്ദ്രശേഖരവാര്യർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം ഏതെങ്കിലും മന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിൽ ഉണ്ടായിരുന്ന ആർക്കെങ്കിലും സംസ്ഥാന ഗവൺമെൻറിൻെറ കീഴിലോ, സംസ്ഥാനഗവൺമെൻറുടമയിലുള്ള വ്യവസായ സ്ഥാപനങ്ങളിലോ ജോലി കൊടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത മന്ത്രിയുടെയും പേഴ്സണൽ സ്റ്റാഫിൻെറയും പേരു വെളിപ്പെടുത്തുമോ?

മുഖ്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ):

LIBRARY ARCHIVES Kerala Legislative Assembly